(ഡി) മോട്ടോർ വെഹിക്കിൾസ് വകുപ്പിലെ രണ്ടു ഉദ്യോഗസ്ഥന്മാരേയും, സെയിൽസ് ടാക്സ് വകുപ്പിലെ മൂന്നു ഉദ്യോഗസ്ഥന്മാരേയും സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് നികുതി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ചെക്ക് പോസ്റ്റുകളിൽ നടത്തിയ മിന്നൽ പരിശോധനയെ തുടർന്ന് രജിസ്റ്റർ ചെയ്ത അഞ്ചു വിജിലൻസ് കേസുകളിൽ ഒരു വിജിലൻസ് കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 13 കേസുകളുടെ അന്വേഷണം പുരോഗമിച്ചു വരുന്നു.

വയനാട്ടിൽ മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ സ്ഥാപിക്കാൻ നടപടി

163 (2167) ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത ജില്ലയിൽ മോട്ടോർ വാഹന അപകട കേസുകൾ നടത്തുന്നതിനുള്ള അധികാരം ആർക്കാണ് നൽകിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജില്ലയിൽ സഞ്ചാരസൗകര്യം വളരെ പരിമിതമായതിനാലും ഇപ്പോൾ വയനാട് ജില്ലയിലെ ഇത്തരം കേസുകൾ ചെയ്യാനധികാരമുള്ള കോടതി വളരെ അകലെയാണെന്നതും പരിഗണിച്ച് വയനാട്ടിൽ ഒരു മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി) ഡിസ്ട്രിക്ട് ആന്റ് സെഷൻസ് ജഡ്ജി, കൽപ്പറ്റ.

(സി) 9-5-2003-ലെ ജി. ഒ. (എം. എസ്.) 105/03/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം കൽപ്പറ്റ, പത്തനംതിട്ട എന്നിവിടങ്ങളിൽ ഓരോ മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ ആരംഭിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്.

പ്രധാന കേന്ദ്രങ്ങളിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

164 (2168) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി അനുവദിക്കാൻ പോകുന്ന ഫയൽ സ്റ്റേഷനുകൾ എവിടെയെല്ലാമാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly